**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 630** **23-02-2022 - ൽ മറുപടിയ്ക്ക്**

**പാറശാല നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി.ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാറശാല നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ കെ.എസ്.ഇ.ബി. ഓഫീസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | പാറശാല നിയോജക മണ്ഡലത്തിൽപ്പെടുന്ന മാരായമുട്ടം, പാറശാല, വെള്ളറട, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം എന്നീ സെക്ഷൻ ഓഫീസുകൾ വാടക കെട്ടിടത്തിലും, കള്ളിക്കാട് സബ് സെന്റർ, അമ്പൂരി സെക്ഷൻ ഓഫീസ് എന്നിവ പഞ്ചായത്ത് കെട്ടിടത്തിലു മാണ് പ്രവർത്തിക്കുന്നത്. 110 കെ.വി പാറശ്ശാല സബ്സ്റ്റേഷനും, 33 കെ.വി വെള്ളറട സബ്സ്റ്റേഷനും ബോർഡിന്റെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. |
| (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓരോ കെ.എസ്.ഇ.ബി. ഓഫീസുകൾക്കുമുള്ള വാടക നിരക്ക് എത്രയാണെന്ന് അറിയിക്കാമോ; | (ബി) | മാരായമുട്ടം – 13750/- രൂപ പാറശ്ശാല – 16000/- രൂപ വെള്ളറട – 15000/- രൂപ കുന്നത്തുകാൽ - 17000 രൂപ ഒറ്റശേഖരമംഗലം – 6600/- രൂപ പ്രതിമാസ വാടക നിരക്കിൽ ആണ് പ്രവർത്തിക്കുന്നത്. അമ്പൂരി സെക്ഷനും കള്ളിക്കാട് സബ് സെന്ററും പഞ്ചായത്ത് കെട്ടിടത്തിൽ സൗജന്യമായി പ്രവർത്തിക്കുന്നു. |
| (സി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഏന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | സൗജന്യമായി ഭൂമി ലഭിക്കുകയാണെങ്കിൽ കെട്ടിടം നിർമിക്കുന്ന കാര്യം പരിഗണിക്കാ വുന്നതാണ്. |
| (ഡി) | പാറശാല നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്ഥലത്താണ് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷനുകൾ എന്നത്തേയ്ക്ക് പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (ഡി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ 6 സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ പാറശ്ശാല MLA –യുടെ നിർദ്ദേശപ്രകാരം സ്ഥാപിക്കുന്നതിനായി തീരുമാ നിച്ചിരിക്കുന്നു, പ്രസ്തുത സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു. മൂന്ന് മാസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥലങ്ങൾ 1. പുത്തൻ കട 2. കൊല്ലയിൽ/ധനുവച്ചപുരം 3. കുന്നത്തുകാൽ ജംഗ്ഷൻ 4. പെരുങ്കടവിള ജംഗ്ഷൻ 5. വെള്ളറട – കാരാമൂട് 6. മണ്ഡപത്തിൻകടവ് |

സെക്ഷൻ ഓഫീസർ